**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1157** **12-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് ചെറുകിട തൊഴിൽ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കോട് മണ്ഡലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (എ) | 2024-25 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാഫിന്റെ പദ്ധതിയ്ക്ക് ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി അപേക്ഷകൾ ക്ഷണിക്കുന്നതാണ്. |
| (ബി) | സംരംഭങ്ങൾ ആരംഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ടവിധം, അതിന്റെ മാനദണ്ഡങ്ങൾ എന്നിവ അറിയിക്കാമോ; | (ബി) | സാഫിന്റെ ജില്ലാ നോഡൽ ഓഫീസുകൾ, മത്സ്യഭവൻ ഓഫീസുകൾ എന്നിവിടങ്ങളിൽ ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം ലഭിക്കുന്നതാണ്. സാഫിന്റെയും ഫിഷറീസ് വകുപ്പിന്റെയും വെബ്സൈറ്റുകളിൽ നിന്നും അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. അപേക്ഷകൾ പൂരിപ്പിച്ച് നിശ്ചിത തീയതിക്കകം ജില്ലാ നോഡൽ ഓഫീസുകളിലോ, മത്സ്യഭവൻ ഓഫീസുകളിലോ നൽകേണ്ടതാണ്.<br><br>**<u>മാനദണ്ഡങ്ങൾ</u>**<br><br>1. അപേക്ഷകർ ഫിഷർമെൻ ഫാമിലി രജിസ്റ്ററിൽ (FIMS) അംഗത്വമുള്ള വനിതകൾ ആയിരിക്കണം.<br><br>2. അപേക്ഷകർ ഏതെങ്കിലും മത്സ്യഗ്രാമത്തിൽ സ്ഥിര താമസക്കാർ ആയിരിക്കണം.<br><br>3. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ഗ്രൂപ്പായിരിക്കണം അപേക്ഷകർ<br><br>4. അപേക്ഷകർ Tsunami Emergency Assistance Programme (TEAP)/Tsunami Rehabilitation Programme (TRP)/Japan Fund for Poverty Reduction (JFPR)/Prime Minister's National Relief Fund (PMNRF)/സാഫ് പദ്ധതികൾ വഴി സ്വയം തൊഴിൽ കണ്ടെത്തുന്നതിനോ മറ്റു |

| | | | |
|---|---|---|---|
| | | | ജീവനോപാധികൾക്കോ ഫിഷറീസ് വകുപ്പിൽ നിന്നും ധനസഹായം ലഭിക്കാത്തവരായിരിക്കണം.<br><br>5. 20 നും 40 നും ഇടയ്ക്ക് പ്രായമുള്ള അപേക്ഷകർക്ക് മുൻഗണന ഉണ്ടായിരിക്കും.<br><br>6. ഓഖി, സുനാമി ബാധിതർക്കും മുൻഗണന ഉണ്ട്.<br><br>7. പ്രത്യേക വിഭാഗത്തിൽ പെടുന്നവർക്ക് (ട്രാൻസ്ജെന്റർ, വിധവ, ശാരീരിക വൈകല്യമുള്ളവർ/ വൈകല്യമുള്ള കുട്ടികൾ ഉള്ളവർ) കൂടിയ പ്രായപരിധി 50 വയസ്സ്.<br><br>8. ഗ്രൂപ്പംഗങ്ങളിൽ 40 ശതമാനം പേർക്ക് പ്ലസ്ടു വിദ്യാഭ്യാസ യോഗ്യത അഭികാമ്യമാണ്. |
| (സി) | യൂണിറ്റിന് അഞ്ച് ലക്ഷം രൂപയ്ക്കുമേൽ ഗ്രാന്റ് അനുവദിക്കുന്ന പദ്ധതികൾ (സംരംഭങ്ങൾ) ഉണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി യൂണിറ്റിന് അഞ്ച് ലക്ഷം രൂപയ്ക്കുമേൽ ഗ്രാന്റ് അനുവദിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ